ശ്രീ. എ. എം. തോമസ്: കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പിൽ വന്നിട്ടുണ്ടോ?

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂറിൽ എല്ലാ വിഭാഗത്തിലും വന്നിട്ടുണ്ട്. കൊച്ചിയിൽ ചില സ്കൂളുകളിൽ വരുത്തുവാൻ താമസം നേരിട്ടിട്ടുണ്ട്.

ശമ്പളപരിഷ്കാരപദ്ധതിക്കുണ്ടായ വിഘ്നം

*൩൯൩. (൩൭) ശ്രീമതി ദേവകീ ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി തരുമോ.—

(എ) പ്രൈവറ്റ് സെക്കൻററി സ്കൂൾ അദ്ധ്യാപകരുടെ ശമ്പളപരിഷ്കാരം നടപ്പിൽ വരുത്തുവാൻ ഉണ്ടായ പ്രതിബന്ധം എന്താണെന്നു പറയാമോ;

(ബി) ആ പ്രതിബന്ധത്തെ തരണം ചെയ്യുന്നതിനു് ഗവർമ്മെണ്ടു് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പദ്ധതി നടപ്പിൽ വരുത്തിക്കഴിഞ്ഞു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മാനേജരന്മാരുടെ പിന്മാറ്റം

*൩൯൪. (൩൮) ശ്രീമതി ദേവകീ ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈവറ്റ് സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ ശമ്പളപരിഷ്കാരം എല്ലാ പ്രൈവറ്റ് സ്കൂൾ മാനേജരന്മാരും ഐകകണ്ഠ്യേന അംഗീകരിച്ചതല്ലേ;

(ബി) അപ്രകാരം അംഗീകരിച്ചവർ അതിൽനിന്നും പിന്മാറുവാനും ആ പദ്ധതിയെ എതിർക്കുവാനും കാരണം എന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മാനേജർമാരുടെ പ്രതിനിധികളും അദ്ധ്യാപക പ്രതിനിധികളും കൂടെ അംഗീകരിച്ചതാണു്.

(ബി) അറിവില്ല.

RAINS

*695. [39] **Sri. N. V. Chacko:** Will the Hon'ble Minister for Education, be pleased to state.—

(*a*) whether the Government are able to predict rains, etc. which affect paddy cultivation in the State;

(*b*) if so, whether they give timely information to the agriculturists;

(*c*) whether the Government had given such information about the heavy rains of the first two weeks of September 1950;

(*d*) what were the methods by which they had given such information; and

(*e*) if the Government have no means of predicting such matters, will the Government be pleased to provide such means as early and circulate information as widely as possible to reach all agriculturists in time?

Minister for Education, Labour & Civil Supplies **[Sri. Panampilli Govinda Menon]:** (*a*) No. But the farmers' weather bulletins are being received tele-

LIBRARY ARCHIVES Kerala Legislative Assembly